**പതിമൂന്നാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3594 — 19.02.2013-ൽ മറുപടിയ്ക്ക്.

## പരിസ്ഥിതി പ്രാധാന്യമേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ.ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |
| (എ)സംസ്ഥാനത്ത് പരിസ്ഥിതി പ്രാധാന്യ മേഖലകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി വന്യമൃഗ സങ്കേതങ്ങൾക്കു ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 2011 ഫെബ്രുവരി മാസത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയും അതിൻപ്രകാരം ഓരോ വന്യമൃഗ സങ്കേതങ്ങളെ സംബന്ധിച്ചുള്ള ശുപാർശകൾ തയ്യാറാക്കുന്നതിനായി 4 (നാല്) അംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന വന്യജീവി ബോർഡ് മെമ്പർമാരായ എം.എൽ.എ-മാരുടെ നേതൃത്വത്തിൽ 3 (മൂന്ന്) ഉപസമിതികൾ കൂടി വന്യജീവി ബോർഡ് രൂപീകരിക്കുകയും സംസ്ഥാനത്തുടനീളം പ്രാദേശിക തലത്തിൽ ഇക്കാര്യത്തിൽ അഭിപ്രായ രൂപീകരണത്തിനായി യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഈ കമ്മിറ്റികൾ സംയുക്തമായി എടുത്ത തീരുമാനങ്ങളുടെ വെളിച്ചത്തിൽ പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ അംഗീകാരത്തോടു കൂടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതികളിൽ വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) ഇല്ല. എന്നാൽ ബന്ധപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായി വന്യജീവി ബോർഡിന്റെ ഉപസമിതി ആശയ വിനിമയം നടത്തിയാണ് ശുപാർശകൾ തയ്യാറാക്കിയത്. |

| | |
|---|---|
| (ഡി)പരിസ്ഥിതി പ്രാധാന്യ മേഖലകളായി പ്രഖ്യാപിക്കുന്നതു സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിന് മുൻപ് ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകളുമായും വിശദമായ ചർച്ചകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.